കുടുംബശ്രീ
തിരുവനന്തപുരം ജില്ലാമിഷൻ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ

കുടുംബശ്രീ
ഒന്നായ് മുന്നേറാം

ജില്ലാപഞ്ചായത്ത് ബിൽഡിംഗ്
പട്ടം പാലസ് പി.ഒ
തിരുവനന്തപുരം - 695004
ഫോൺ: 0471-2447552
ഇ-മെയിൽ: spemtvm@gmail.com

*നം. 1024/E1/2013/KSTVM* *തീയതി: 27/06/2024*

വിജ്ഞാപനം

ഇൻഡഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്റർ (ഐ.എഫ്.സി)

2024 - 2025 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, പെരുങ്കടവിള, കടയ്ക്കാവൂർ, അണ്ടൂർക്കോണം, മാണിക്കൽ എന്നീ സി.ഡി.എസുകൾക്ക് കീഴിൽ 5 ബ്ലോക്കുകളിലായി 5 ഇൻഡഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്ററുകൾ (ഐ.എഫ്.സി) ആരംഭിക്കേണ്ടതുണ്ട്. ഐ.എഫ്.സി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി **ഐ.എഫ്.സി ആംഗർ, സീനിയർ ആർ.പി.** എന്നിവരെ ഓരോ ക്ലസ്റ്ററിന് വേണ്ടിയും പൊസിഷൻ ചെയ്യേണ്ടതുണ്ട്. 3 വർഷത്തേയ്ക്കാണ് ഐ.എഫ്.സി പദ്ധതിയുടെ കാലാവധി ആയതിനാൽ പ്രസ്തുത പദ്ധതികളുടെ കാലാവധി 3 വർഷത്തേയ്ക്കായിരിക്കും. ടി കാലയളവിൽ എല്ലാ വർഷവും അപ്രൈസൽ നടത്തി മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് തുടർ നിയമനം നൽകുന്നതാണ്.

1) **ഐ.എഫ്.സി. ആംഗർ** - ഡിഗ്രി/ഡിപ്ലോമ, അഗ്രികൾച്ചർ എലൈഡ് സയൻസസ് കൃഷിയിലോ ഫാം ബേസ്ഡ് ലൈവ്ലിഹുഡിലോ 1 വർഷത്തെ പ്രവൃത്തി പരിചയം, എക്സ്റ്റൻഷൻ ആന്റ് മാർക്കറ്റിംഗ് പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന ലഭിക്കും. മേൽപ്പറഞ്ഞ യോഗ്യതയുള്ളവരെ ലഭിക്കാത്ത പക്ഷം മറ്റ് ഡിഗ്രിയുള്ളവരെ പരിഗണിക്കുന്നതാണ്. ഇത്തരത്തിലുള്ളവർ 2 വർഷം കാർഷിക മേഖലയിൽ പ്രവർത്തന പരിചയമുള്ളവരായിരിക്കണം. ശമ്പളം ഓണറേറിയം അടിസ്ഥാനത്തിലായിരിക്കും. അതാത് ബ്ലോക്ക് /ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്.
2) **സീനിയർ സി.ആർ.പി.** - കൃഷിസഖി/പശുസഖി/അഗ്രി സി.ആർ.പി. എന്ന നിലയിൽ 2 വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവരായിരിക്കണം. സി.ആർ.പിമാരുടെ പരിശീലനം പൂർത്തിയാക്കുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. ശമ്പളം ഓണറേറിയം അടിസ്ഥാനത്തിലായിരിക്കും.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ വെള്ള പേപ്പറിൽ തയ്യാറാക്കി ബയോ-ഡാറ്റയും സർട്ടിഫിക്കറ്റുകളുടെ (വിദ്യാഭ്യാസ/അനുഭവ പരിചയങ്ങൾ, കുടുംബശ്രീ അംഗത്വം, ഐഡന്റിറ്റി എന്നിവ) പകർപ്പുകൾ സഹിതം **15/07/2024** തീയതിക്കകം ചുവടെ ചേർക്കുന്ന മേൽവിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ അപേക്ഷിക്കാവുന്നതാണ്.

**<u>അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം</u>**
**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**
**കുടുംബശ്രീ ജില്ലാമിഷൻ ഓഫീസ്**
**പട്ടം, തിരുവനന്തപുരം - 695004**
**Phone No. 0471 – 2447552**

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

**District Mission Co-ordinator**
**Kudumbashree District Mission**
**Pattom Palace P.O**
**Thiruvananthapuram**

പകർപ്പ്:
1) ബഹു. എക്സിക്യൂട്ടീവ് ഡയറക്ടർ (ആമുഖ കത്ത് മുഖേന)
2) എല്ലാ കുടുംബശ്രീ സി.ഡി.എസുകൾക്കും
3) ഓഫീസ് നോട്ടീസ് ബോർഡ്
4) കുടുംബശ്രീ വെബ്സൈറ്റ്
5) കരുതൽ അധികം

OFFICE OF THE DISTRICT MISSION CO-ORDINATOR * KUDUMBASHREE, THIRUVANANTHAPURAM *
L.S.G Dept.
Govt. of Kerala